കൊല്ലം റൂറൽ പോലീസ്
KOLLAM RURAL

**പോലീസ് സ്റ്റേഷൻ: ചടയമംഗലം** **തീയതി : 21.04.2022**

# ലക്ഷങ്ങൾ വിലമതിക്കുന്ന MDMA മയക്കുമരുന്നുമായി യുവാവ് അറസ്റ്റിൽ.

ചടയമംഗലം: ലക്ഷങ്ങൾ വിലമതിക്കുന്ന MDMA മയക്കുമരുന്ന് സംഭരിച്ച് വില്പന നടത്തിയിരുന്നയാളെ ചടയമംഗലം പോലീസ് പിടികൂടി. നിലമേൽ ഹസീന മൻസിലിൽ ബാബു മകൻ 31 വയസ്സുള്ള ശ്രീലാൽ എന്ന് വിളക്കുന്ന സിയാദ് എന്നയാളെയാണ് പൊലീസ് പിടികൂടിയത്. രഹസ്യവിവരത്തെതുടർന്ന് പരിശോധന നടത്തിയ പോലീസ് സംഘം ടിയാൻ താമസിച്ചിരുന്ന നിലമേൽ സിറ്റി ടവർ ലോഡ്ജിലെ റൂമിൽ പരിശോധന നടത്തവേ ഒരു ഷൂസിൽ ഒളിപ്പിച്ചിരുന്ന നിലയിൽ 29 ഗ്രാം MDMA കണ്ടെത്തുകയും പ്രതിയെ അറസ്റ്റ് ചെയ്യുകയുമായിരുന്നു. ഇയാൾക്കെതിരെ കടയ്ക്കൽ സ്റ്റേഷനിൽ പോലീസുകാരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട കേസ് നിലവിലുണ്ട്. ചടയമംഗലം എസ്.എച്ച്.ഒ ബിജു, എസ്.ഐ മോനിഷ്, എസ്.ഐ മനോജ്, സീനിയർ സിവിൽ പോലീസ് ഓഫീസർ സനൽകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ മഹേഷ്, പ്രഭാത്, അൻസിലാൽ, ഹോം ഗാർഡ്മാരായ സുഭാഷ്, സജിത്ത് എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതിയെ പിടികൂടിയത്.

